**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 804 — 25.01.2018-ൽ മറുപടിയ്ക്ക്

**ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഓൺലൈൻ വഴിയുള്ള അപേക്ഷ അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുമ്പോൾ അപേക്ഷകർ ഫീസ് നൽകേണ്ടതുണ്ടോ; വിശദാംശം നൽകുമോ? | (എ) | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികജാതിക്കാർക്ക് ചികിത്സാധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കാൻ ഓൺലൈൻ (t-grantz) സംവിധാനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷകന് സ്വന്തമായോ അക്ഷയകേന്ദ്രങ്ങൾ വഴിയോ ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡിയിലേയ്ക്കും ഫോൺ നമ്പറിലേക്കും അപേക്ഷ നമ്പറും മറ്റ് വിവരങ്ങളും അടങ്ങുന്ന സന്ദേശം ലഭിക്കുന്നതാണ്. അപേക്ഷ നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ പുരോഗതി അറിയാൻ സാധിക്കും. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷകന് യാതൊരുവിധ ഫീസും നൽകേണ്ടതില്ല. ആയതിനാവശ്യമായ തുക വകുപ്പിൽ നിന്നും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുന്നതാണ്.<br>പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിൽകൂടി നടപ്പാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ